©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LIV<br>വാല്യം 54 | Thiruvananthapuram, Wednesday<br>തിരുവനന്തപുരം, ബുധൻ | 16th December 2009<br>2009 ഡിസംബർ 16<br>25th Agrahayana 1931<br>1931 അഗ്രഹായനം 25 | No.<br>നമ്പർ | 2339 |

## കേരള സർക്കാർ

### തദ്ദേശസ്വയംഭരണ (എഫ്. എം.) വകുപ്പ്

### വിജ്ഞാപനം

നമ്പർ 65033/എഫ്.എം.1/09/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2009 ഡിസംബർ 4.*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 567-ാം വകുപ്പുപ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് തിരുവനന്തപുരം നഗരസഭ ഉണ്ടാക്കിയിട്ടുള്ളതും പ്രസ്തുത ആക്റ്റിലെ 572-ാം വകുപ്പുപ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതുമായ, തിരുവനന്തപുരം നഗരസഭ പരസ്യ നികുതി ബൈലോ, പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. എം. വിജയാനന്ദ്,
*പ്രിൻസിപ്പൽ സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009

33/4320/2009/DTP.

## തിരുവനന്തപുരം നഗരസഭ

## പൊതുസ്ഥലങ്ങളിലും പൊതുതെരുവുകളിലും പരസ്യ ബോർഡുകളും കമാനങ്ങളും സ്ഥാപിക്കുന്നതിനും പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനുമുള്ള ബൈലോ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 567-ാം വകുപ്പിന്റെ (2), (9), (11), (32) ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചും ടി ആക്റ്റിന്റെ 207, 271, 272, 273, 274, 275, 276, 368, 369, 375 എന്നീ വകുപ്പുകളനുസരിച്ചും, തിരുവനന്തപുരം നഗരസഭ താഴെപ്പറയുന്ന നിയമാവലി ഉണ്ടാക്കുന്നു, അതായത്:—

1. <u>ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.</u>—(1) ഈ നിയമാവലിക്ക് തിരുവനന്തപുരം നഗരസഭ പരസ്യ നികുതി ബൈലോ എന്ന് പേര് പറയാം.

(2) ഇതിന് തിരുവനന്തപുരം നഗരം ഒട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ അംഗീകരിച്ച് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതാണ്.

2. <u>നിർവ്വചനങ്ങൾ.</u>—ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(1) *സെക്രട്ടറി:* എന്നാൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി എന്നർത്ഥമാകുന്നു.

(2) *കെട്ടിടം:* എന്നാൽ കല്ലോ, മരമോ, ഇഷ്ടികയോ മറ്റേതെങ്കിലും സാധനം കൊണ്ടോ ഉണ്ടാക്കിയ വാസയോഗ്യമായതും ഒരു നിലയിലോ ബഹുനിലയിലോ ആയ കോൺക്രീറ്റ് കെട്ടിടം അല്ലെങ്കിൽ എടുപ്പ് എന്നർത്ഥമാകുന്നു.

(3) *വാഹനം:* എന്നാൽ 1998-ലെ മോട്ടോർ വാഹന ആക്റ്റിലെ (1988-ലെ 59-ാം നമ്പർ കേന്ദ്ര ആക്റ്റ്) അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(4) *പൊതുതെരുവ്:* എന്നാൽ ഒരു പൊതുനിരത്തായിരുന്നാലും അല്ലെങ്കിലും, പൊതുജനങ്ങൾക്ക് വഴിയായി ഉപയോഗിക്കാൻ അവകാശമുള്ളതായ ഏതെങ്കിലും തെരുവ്, റോഡ്, ഇടവഴി, വഴി അഥവാ സവാരിപ്പാത എന്നർത്ഥം.

(5) *ചുവരുകൾ:* എന്നാൽ ഏതെങ്കിലും കെട്ടിടം, എടുപ്പ്, മതിൽ, കോമ്പൗണ്ട് വാൾ എന്നിവയുടെ ചുവരുകൾ എന്നർത്ഥമാകുന്നു.



(6) *കമാനം:* എന്നാൽ ഇരുമ്പുകൊണ്ടോ ശക്തിയുള്ള സാധനങ്ങൾകൊണ്ടോ പൊതു നിരത്തിന് കുറുകയോ കാൽനടയാത്രികർക്ക് തടസ്സമാവാത്ത രീതിയിൽ നടപ്പാതയ്ക്ക് പിന്നിലായി ആർച്ച് ആകൃതിയിലോ കുത്തനെയോ മറ്റേതെങ്കിലും രീതിയിലോ ജനശ്രദ്ധ ആകർഷിക്കത്തക്കവിധത്തിൽ നിർമ്മിക്കുന്ന കമാനം അല്ലെങ്കിൽ കവാടം എന്നർത്ഥമാകുന്നു.

(7) *പരസ്യ ബോർഡുകൾ:* ചതുരത്തിലോ, ദീർഘ ചതുരത്തിലോ, മറ്റേതെങ്കിലും ആകൃതിയിലോ നാല് ചുറ്റും ബലപ്പെടുത്തിയതോ പ്ലാസ്റ്റിക് കൊണ്ടോ, ഫ്ളക്സ് കൊണ്ടോ എന്തെങ്കിലും ലോഹ നിർമ്മിതമായതോ മറ്റ് വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച് ജനശ്രദ്ധ ആകർഷിക്കത്തക്ക രീതിയിൽ പ്രദർശിപ്പിക്കപ്പെടുന്ന ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡ് ഉൾപ്പെടെയുള്ള പരസ്യ ബോർഡുകൾ എന്നർത്ഥമാകുന്നു.

(8) *സ്കൈ സൈനുകൾ:* ഒരു സ്ഥാപനമോ, വ്യക്തിയോ, സൊസൈറ്റിയോ തിരിച്ചറിയൽ ആവശ്യത്തിലേക്കായി ഒരു കെട്ടിടത്തിനോടൊ മറ്റേതെങ്കിലും എടുപ്പുകളോടൊ അനുബന്ധമായി അല്ലെങ്കിൽ എടുപ്പുകളുടെ സഹായത്തോടെ അല്ലെങ്കിൽ സ്വതന്ത്രമായി സ്ഥാപിച്ചിരിക്കുന്ന ഒരു ചിഹ്നം എന്ന് അർത്ഥമാകുന്നു.

3. തിരുവനന്തപുരം നഗര പ്രദേശത്ത് പരസ്യങ്ങളുടെ ബാഹുല്യം നിമിത്തം നഗരത്തിന്റെ തനിമയും ഭംഗിയും നഷ്ടപ്പെടാതിരിക്കുന്നതിനും നഗരം പരസ്യങ്ങൾകൊണ്ട് വികൃതമാകാതിരിക്കുന്നതിനുമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനു വേണ്ടിയുള്ള ഉദ്ദേശ്യലക്ഷ്യത്തോടെയാണ് നഗരസഭാ കൗൺസിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 567-ാം വകുപ്പിന്റെ (2), (9), (11), (32) എന്നീ ഉപവകുപ്പുകളും ടി ആക്റ്റിന്റെ 207, 271, 272, 273, 274, 275, 276, 368, 369, 375 എന്നീ വകുപ്പുകളും അനുസരിച്ചും ഈ ബൈലോ പുറപ്പെടുവിക്കുന്നത്.

4. നഗരസഭാ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം കൂടാതെ നഗരസഭാ പ്രദേശത്ത് യാതൊരു പരസ്യവും ഏതെങ്കിലും പൊതു സ്ഥലത്തോ, റോഡ് പുറമ്പോക്കിലോ, പൊതു കളിസ്ഥലങ്ങളിലോ, സ്വകാര്യ സ്ഥലങ്ങളിലോ പ്രദർശിപ്പിക്കുകയോ, ഏതെങ്കിലും ഭൂമിയിലോ, കെട്ടിടത്തിൻമേലോ, ചുമരിന്മേലോ, പരസ്യ പലകയിന്മേലോ, എടുപ്പിന്മേലോ, അല്ലെങ്കിൽ അതിന്റെ മുകളിലോ കുത്തനെ നിറുത്തുകയോ ഉറപ്പിച്ചുനിറുത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥലത്തോ ആകാശത്തിലോ പൊതുജനശ്രദ്ധയ്ക്കായി പ്രദർശിപ്പിക്കാനോ പാടുള്ളതല്ല.

5. ചരിത്ര സ്മാരകങ്ങളായ കെട്ടിടങ്ങൾ, ചുവരുകൾ, സ്മാരകങ്ങൾ, പൊതു ഉദ്യാനങ്ങൾ, ട്രാഫിക് ഐലന്റുകൾ എന്നിവയ്ക്ക് തടസ്സം വരുന്ന രീതിയിൽ യാതൊരു പരസ്യവും സ്ഥാപിക്കാൻ പാടില്ലാത്തതാകുന്നു.

6. യാതൊരുവിധ കമാനങ്ങളും, പരസ്യ ഹോർഡിംഗുകളും, ബോർഡുകളും, സിനിമാ പോസ്റ്ററുകളും, ചുവർ പരസ്യങ്ങളും, ആരാധനാലയങ്ങൾ, കളിസ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നഗരസഭ നിശ്ചയിക്കുന്ന പ്രധാനപ്പെട്ട റോഡുകൾ, തിരക്കുള്ള ജംഗ്ഷനുകൾ, ട്രാഫിക് ഐലന്റുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ പാടില്ലാത്തതാകുന്നു.

7. സെക്രട്ടറി നിർദ്ദേശിക്കുന്ന തരത്തിലും നിബന്ധനകൾ അനുസരിച്ചും നഗര പ്രദേശത്ത് വൃത്തിയായും ഭംഗിയായും മാത്രമേ സിനിമാ പോസ്റ്ററുകൾ ഉൾപ്പെടെയുള്ള പരസ്യങ്ങൾ സ്ഥാപിക്കാൻ പാടുള്ളൂ.

8. നഗരസഭാ സെക്രട്ടറിയുടെ അനുമതിക്ക് വിധേയമായി മാത്രമേ ഏതു പരിസരത്തിലും, വാഹനത്തിലും, റോഡ് പുറമ്പോക്കിലും, സ്വകാര്യ വ്യക്തികളുടെ വസ്തുക്കളിലും പരസ്യം പ്രദർശിപ്പിക്കാൻ പാടുള്ളൂ.

9. നഗരസഭാതിർത്തിയിൽ ഏതൊരു ഭാഗത്തും പരസ്യം സംബന്ധിച്ചുള്ള ഏതെങ്കിലും അടയാളമോ, അക്ഷരങ്ങളോ, ചിഹ്നമോ, പ്രദർശിപ്പിക്കുന്നതിന് മുമ്പായി നഗരസഭയുടെ അനുമതി വാങ്ങിയിരിക്കേണ്ടതും, നിശ്ചിത നിരക്കിലുള്ള പരസ്യ നികുതി, പരിശോധനാ ഫീസ്, ലൈസൻസ് ഫീസ് എന്നിവ ഒടുക്കേണ്ടതുമാണ്.

10. തിരുവനന്തപുരം നഗരത്തിൽ കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള എം. ജി. റോഡ് നഗരസഭ പരസ്യ വിമുക്ത മേഖലയായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ടി സ്ഥലങ്ങളിൽ പരസ്യങ്ങൾക്ക് അനുമതി നൽകുന്നതല്ല.

11. ഫുട്പാത്തിൽക്കൂടി സഞ്ചരിക്കുന്ന കാൽനട യാത്രക്കാർക്ക് അസൗകര്യം ഉണ്ടാക്കുന്ന തരത്തിൽ യാതൊരുവിധ കമാനമോ, പരസ്യബോർഡോ, തൂണോ സ്ഥാപിക്കാൻ പാടുള്ളതല്ല. കമാനത്തിന്റെയോ, പരസ്യബോർഡിന്റെയോ, തൂണുകൾ ടാർ/കോൺക്രീറ്റിംഗ് ചെയ്ത ഭാഗത്തിന്റെ വെളിയിലായിരിക്കണം സ്ഥാപിക്കേണ്ടത്. ഫുട്പാത്ത് ഉള്ള റോഡിന്റെ വശങ്ങളിൽ ഫുട്പാത്തിന് വെളിയിൽ മാത്രമേ കമാനത്തിന്റെയോ പരസ്യബോർഡിന്റെയോ തൂണുകൾ സ്ഥാപിക്കാൻ പാടുള്ളൂ.

12. 1999-ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും, പരസ്യബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളുടെ നാലാം ചട്ടത്തിന്റെ (3) (എ) പ്രകാരം കമാനങ്ങൾ അനുവദിക്കുന്നത് ഹ്രസ്വകാലത്തേക്ക് മാത്രമാണ്. കമാനങ്ങൾ സ്ഥാപിക്കുന്നതുമൂലം റോഡിന് എന്തെങ്കിലും കേടുപാടുകൾ ഉണ്ടാകുന്നപക്ഷം കമാനങ്ങൾ പൊളിച്ച് നീക്കിയാലുടൻതന്നെ ലൈസൻസി ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്ത് റോഡ് പൂർവ്വസ്ഥിതിയിലാക്കേണ്ടതും, അല്ലാത്തപക്ഷം പ്രസ്തുത ജോലി കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് ലൈസൻസിയുടെ നഷ്ടോത്തരവാദിത്വത്തിൽ ചെയ്യിക്കുന്നതും, ചെലവ് ലൈസൻസിയുടെ ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതും, തികയാതെ വരുന്ന തുക വസ്തു നികുതി കുടിശ്ശിക ഈടാക്കുന്ന നടപടിക്രമമനുസരിച്ച് ലൈസൻസിയിൽനിന്നും ഈടാക്കാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്.



13. കമാനം, പരസ്യബോർഡുകൾ, തൂണുകൾ എന്നിവ സ്ഥാപിക്കുന്നത് വൈദ്യുതി ലൈനുകളിൽനിന്നും അപകട സാദ്ധ്യത ഒഴിവാക്കിക്കൊണ്ടായിരിക്കണം. കമാനമോ, പരസ്യബോർഡോ, തൂണോ, പൊതുനിരത്തിലോ, സ്വകാര്യ സ്ഥലത്തോ സ്ഥാപിച്ചതുമൂലം ആർക്കെങ്കിലും എന്തെങ്കിലും അപകടം സംഭവിച്ചാൽ അതിന്റെ ഉത്തരവാദിത്വം ലൈസൻസിക്ക് ആയിരിക്കുന്നതും, നഷ്ടപരിഹാരം നൽകാൻ ലൈസൻസി ബാദ്ധ്യസ്ഥനായിരിക്കുന്നതും, ഇക്കാര്യത്തിൽ നഗരസഭയ്ക്ക് യാതൊരുവിധ ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതുമല്ല.

14. യാതൊരു പരസ്യബോർഡുകളും, ഹോർഡിംഗുകളും പൊതുവഴികളിൽനിന്നും 1.5 മീറ്റർ അകലത്തിലും കെട്ടിടങ്ങളിൽ നിന്നും നഗരസഭ. നിശ്ചയിക്കുന്ന ദൂരപരിധിയിലും മാത്രമേ സ്ഥാപിക്കുവാൻ പാടുള്ളൂ.

15. നാല് നിലകളിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് മുകളിൽ പരസ്യബോർഡ് സ്ഥാപിക്കാൻ അനുവദിക്കുന്നതല്ല.

16. നിലത്ത് സ്ഥാപിക്കുന്ന ബോർഡുകളുടെ മൊത്തം ഉയരം പരമാവധി 9 മീറ്റർ ആയും, കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിക്കുന്നവയുടെ മൊത്തം ഉയരം സ്ലാബിൽ നിന്നും പരമാവധി 9 മീറ്റർ ആയും, പരസ്യ ഫലകത്തിന്റെ പരമാവധി ഉയരം 6 മീറ്ററായും, നീളം പരമാവധി 15 മീറ്ററായും നിജപ്പെടുത്തിയിരിക്കുന്നു. ചുവരിന്റെയോ, പാരപ്പെറ്റിന്റെയോ, മോന്തായത്തിന്റെയോ യാതൊരു ഭാഗത്തുനിന്നും ഒരു മീറ്ററിലധികം ഉയരത്തിൽ ബോർഡോ, ചട്ടക്കൂടോ മറ്റ് ഉപകരണമോ നിൽക്കാൻ പാടില്ലാത്തതാകുന്നു.

17. 12 സ്ക്വയർ മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള എല്ലാ ബോർഡുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തേണ്ടതും, എം.ടെക്. ബിരുദമുള്ള സ്ട്രക്ചറൽ എഞ്ചിനീയറിൽനിന്നും സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

18. ഏതൊരു വ്യക്തിയും പരസ്യം പ്രദർശിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ മതിയായ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച് നിശ്ചിത ഫോറത്തിൽ പരസ്യം സംബന്ധിച്ചുള്ള വിവരങ്ങൾ, സ്ഥാപിക്കുന്ന പരസ്യ ബോർഡുകളുടെ വിവരണം, ബോർഡ് സ്ഥാപിക്കാൻ ഉപയോഗിക്കുന്ന സാധനങ്ങൾ, ലൊക്കേഷൻ പ്ലാൻ, സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, സ്വകാര്യ/ഡിപ്പാർട്ടുമെന്റ് സ്ഥല ഉടമയുടെ സമ്മതപത്രം എന്നിവ സഹിതം 15 ദിവസത്തിനു മുമ്പ് നഗരസഭാ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ലഭ്യമാകുന്ന അപേക്ഷകൾ നഗരസഭാ സെക്രട്ടറി ക്ഷമതയുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് പരിശോധന നടത്തി സാധുവായവ അപേക്ഷകരിൽനിന്നും നിർദ്ദേശാനുസരണം ഡെപ്പോസിറ്റ്, ലൈസൻസ് ഫീസ്, പരിശോധനാ ഫീസ്, പരസ്യ നികുതി എന്നിവ ഒടുക്കുന്നതിന് അപേക്ഷകരെ അറിയിക്കേണ്ടതുമാണ്. അപേക്ഷകൻ നിശ്ചിത ഫീസ് ഒടുക്കി നഗരസഭാ സെക്രട്ടറി നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ പാലിച്ചു കൊള്ളാമെന്ന് സമ്മതിച്ചുകൊണ്ട് 50 രൂപ വിലയുള്ള മുദ്രപ്പത്രത്തിൽ നഗരസഭാ സെക്രട്ടറിയുമായി എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ് (അപേക്ഷാഫോറം, മുദ്രപ്പത്രത്തിൽ എഴുതി തയ്യാറാക്കേണ്ട എഗ്രിമെന്റ് എന്നിവയുടെ മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു).

19. പരസ്യ നികുതി, പരിശോധനാ ഫീസ്, ലൈസൻസ് ഫീസ്, ഡെപ്പോസിറ്റ് എന്നിവ സംബന്ധിച്ച നിരക്കുകൾ നഗരസഭാ കൗൺസിലുകൾക്ക് യഥാസമയം നിശ്ചയിക്കുവാൻ അധികാരമുണ്ട്; എന്നാൽ, ആ നിരക്കുകൾ ടി ആവശ്യാർത്ഥം സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിൽ കുറയാൻ പാടില്ലാത്തതും ആയവ സർക്കാർ നിശ്ചയിക്കാവുന്ന ഒഴിവാക്കലുകൾക്ക് വിധേയമായിട്ടായിരിക്കുന്നതുമാണ്.

20. പുതിയ ബോർഡുകൾ സ്ഥാപിക്കാനുള്ള അപേക്ഷകളിൻമേൽ 15 ദിവസത്തിനകവും നിലവിലുള്ളവയുടെ അംഗീകാരം പുതുക്കുന്നതിനുള്ള അപേക്ഷകളിൻമേൽ 10 ദിവസത്തിനകവും തീർപ്പ് കൽപ്പിക്കേണ്ടതുമാണ്.

21. പരസ്യനികുതി ഒടുക്കിക്കഴിഞ്ഞാൽ സെക്രട്ടറിയുടെ പക്കൽനിന്നും ലഭ്യമാകുന്ന അനുമതി പത്രം അടങ്ങിയ സ്റ്റിക്കർ ഓരോ വ്യക്തിയും, സ്ഥാപനങ്ങളും പരസ്യ ബോർഡുകളിൽ താഴെ വലത് ഭാഗത്ത് നിർബന്ധമായും പ്രദർശിപ്പിക്കേണ്ടതാണ്. അപ്രകാരം സ്റ്റിക്കർ പതിക്കാത്ത പരസ്യങ്ങളെ അനധികൃതമായി കണക്കാക്കി നടപടി സ്വീകരിക്കുന്നതാണ്.

22. നഗരപ്രദേശത്ത് പതിക്കുന്ന സിനിമാ പോസ്റ്ററുകൾക്ക് അംഗീകൃത ഫിലിം ഏജൻസികൾ നഗരസഭാ സെക്രട്ടറിയിൽ നിന്നും മുൻകൂർ അനുമതി വാങ്ങി നിശ്ചിത ഫീസ് ഒടുക്കുകയും നഗരസഭയുടെ മുദ്ര പതിച്ചിരിക്കേണ്ടതുമാണ്. ഇപ്രകാരം മുദ്ര പതിക്കാത്ത പോസ്റ്ററുകൾ അനധികൃതമായി കണക്കാക്കി നടപടി സ്വീകരിക്കുന്നതാണ്.

23. പുതുതായി സ്ഥാപിക്കുന്ന ബോർഡുകൾ നിലവിലുള്ള ബോർഡുകളുടെ കാഴ്ചയെ മറയ്ക്കുന്നില്ലായെന്ന് അപേക്ഷകരും പരിശോധകരും ഉറപ്പ് വരുത്തേണ്ടതാണ്.

24. അശ്ലീല പരസ്യങ്ങളും, നിരോധിക്കപ്പെട്ട പരസ്യങ്ങളും ഏതൊരു കാരണവശാലും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല.

25. നഗരം വികൃതമാകാതിരിക്കുന്നതിനായി നഗരത്തിൽ റോഡ് പുറമ്പോക്കിലും, പൊതുസ്ഥലങ്ങളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് ഒരു പൊതു മാനദണ്ഡം എന്ന നിലയിൽ നഗരസഭ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ മാത്രമേ ഏതൊരുവിധ പരസ്യങ്ങളും, സിനിമാ പോസ്റ്ററുകളും പ്രദർശിപ്പിക്കുവാൻ പാടുള്ളൂ.

26. പരസ്യബോർഡുകൾ, സിനിമാ പോസ്റ്ററുകൾ, ഹോർഡിംഗുകൾ എന്നിവ പുറമ്പോക്കിലും, പൊതുസ്ഥലങ്ങളിലും, റോഡ് പുറമ്പോക്കിലും പ്രദർശിപ്പിക്കുന്നതിന് നഗരസഭ കണ്ടെത്തുന്ന സ്ഥലങ്ങളുടെ ലിസ്റ്റ് നഗരസഭാ സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതും ആയത് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കാൻ പൊതുജനങ്ങൾക്ക് സൗകര്യം നൽകേണ്ടതും നിശ്ചിത സമയത്തിനുള്ളിൽ പരാതികൾ പരിശോധിച്ച് അന്തിമ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.



27. പ്രസിദ്ധീകരിച്ച ലിസ്റ്റിലുള്ള ഓരോ സ്ഥലങ്ങൾക്കും ഓരോ സാമ്പത്തിക വർഷത്തേക്കും ഓരോന്നായി നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരസ്യം സ്ഥാപിക്കുന്നതിലേക്കായി (തറ വാടക) പരസ്യലേലം/ക്വട്ടേഷൻ ചെയ്തു നൽകാവുന്നതാണ്.

28. ലേല/ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം പിടിക്കുന്ന ആളിന് പരസ്യം പ്രദർശിപ്പിക്കുന്നതിന് പരസ്യ നികുതി ഈടാക്കി അനുമതി നൽകാവുന്നതാണ്. ലേലം പിടിക്കുന്ന ആൾക്ക് സ്വന്തം ചെലവിൽ ബോർഡ് സ്ഥാപിക്കാവുന്നതും, പരസ്യ ബോർഡ് സ്ഥാപിക്കുന്നതിനുള്ള മറ്റ് പൊതു നിബന്ധനകൾ പാലിക്കേണ്ടതും പരസ്യ നികുതി ഒടുക്കി നിയമവിധേയമായി പരസ്യ പ്രദർശനം നടത്താവുന്നതുമാണ്.

29. ഏതൊരു പരസ്യ ബോർഡുകളും, ഹോർഡിംഗുകളും, സിനിമാ പോസ്റ്ററുകളും, മറ്റ് പരസ്യങ്ങളും നിരോധിക്കുന്നതിനും അനുമതി നൽകിയവയാണെങ്കിലും പൊതുജനങ്ങൾക്കും, കാൽനടക്കാർക്കും, വാഹന ഗതാഗതത്തിനും, വാഹനമോടിക്കുന്നവർക്കും തടസ്സമാണെന്ന് സെക്രട്ടറിക്ക് ബോദ്ധ്യം വന്നാൽ അവയെ മാറ്റാൻ ഉടമകളോട് ആവശ്യപ്പെടാവുന്നതും, ഉടമ മാറ്റാത്തപക്ഷം ടി പരസ്യങ്ങൾ ഉടമകളുടെ ഉത്തരവാദിത്വത്തിൽ സെക്രട്ടറിക്ക് നീക്കം ചെയ്യാവുന്നതാണ്. ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുന്നത് സെക്രട്ടറി നിരസിക്കുന്ന സാഹചര്യം ഉണ്ടായാൽ അപ്രകാരം നഗരസഭയിൽ ഒടുക്കിയിട്ടുള്ള പരസ്യ നികുതി ഉടമയ്ക്ക് മടക്കി നൽകുന്നതായിരിക്കും.

30. ഈ ബൈലോയിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരു വ്യക്തിയുടെയും, സ്ഥാപനത്തിന്റെയും, പരസ്യം നഗരസഭാ സെക്രട്ടറിക്ക് നീക്കം ചെയ്യാവുന്നതും അതിനായി ചെലവാകുന്ന മുഴുവൻ തുകയും കുറ്റക്കാരിൽനിന്നും ഈടാക്കാവുന്നതുമാണ്.

31. ഏതൊരു പരസ്യ ബോർഡുകൾ, ചുവർ ഹോർഡിംഗുകൾ, വാഹനങ്ങൾ എന്നിവയുടെ പരസ്യങ്ങൾ മാറ്റം വരുത്തുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെട്ടവർ നഗരസഭയിൽ രേഖാമൂലം അറിയിക്കേണ്ടതും സെക്രട്ടറിയുടെ മുൻകൂർ അനുമതിയോടെ നിശ്ചിത നിരക്കിൽ നികുതി ഒടുക്കി പരസ്യ പ്രദർശനം നടത്തേണ്ടതുമാണ്. പരസ്യങ്ങളിൽ മാറ്റം വരുത്തുന്ന സന്ദർഭങ്ങളിൽ ആദ്യം നൽകിയ അനുമതി അസാധുവാക്കുകയും സെക്രട്ടറിയുടെ അനുമതി പുതുക്കിയ നികുതി നിരക്കിൽ ഒടുക്കി വാങ്ങേണ്ടതുമാണ്.

32. ഏതൊരു പരസ്യം പ്രദർശിപ്പിക്കുന്ന വ്യക്തിയോ, സ്ഥാപനമോ, സർക്കാർ സ്ഥാപനങ്ങളോ യഥാസമയം നഗരസഭാ സെക്രട്ടറിയുടെ അനുമതി കൂടാതെ പരസ്യം പ്രദർശിപ്പിക്കുന്നതായി കാണുന്നതായാൽ നഗരസഭാ സെക്രട്ടറിക്ക് പരസ്യ നികുതി ചുമത്തി നോട്ടീസ് നൽകാവുന്നതും മറ്റ് നികുതികൾ ഈടാക്കുന്ന വ്യവസ്ഥകൾ പ്രകാരം ശിക്ഷാ നടപടി സ്വീകരിച്ച് തുക വസൂലാക്കാവുന്നതുമാണ്.

33. മേൽ പ്രസ്താവിച്ച ബൈലോകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരു വ്യക്തിയെയും, സ്ഥാപനത്തെയും സർക്കാർ സ്ഥാപനങ്ങളിലെ വകുപ്പ് മേധാവിയെയും പൊതുമേഖലാ സ്ഥാപനങ്ങളേയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ സെക്ഷൻ 275(2) പ്രകാരമുള്ള ശിക്ഷാനടപടികൾക്ക് വിധേയമാക്കാവുന്നതും, കേരളാ മുനിസിപ്പാലിറ്റി (കുറ്റങ്ങൾ, രാജിയാക്കൽ) ചട്ടങ്ങളിൽ അനുശാസിക്കുന്ന വ്യവസ്ഥ പ്രകാരം 5,000 രൂപ വരെ പിഴ ഈടാക്കാവുന്നതുമാണ്.

34. അനധികൃത പരസ്യം പ്രദർശിപ്പിച്ച വകയിൽ മുനിസിപ്പാലിറ്റിക്ക് ഏതെങ്കിലും തുക അടയ്ക്കാൻ വീഴ്ച വരുത്തിയ കുറ്റം ഒഴികെ ഒരിക്കൽ രാജിയാക്കിയ അതേ കുറ്റം ആവർത്തിക്കുന്ന സംഗതികളിൽ വീണ്ടും രാജിയാക്കാവുന്നതല്ല.

35. 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്റ്റോ അതു പ്രകാരമുള്ള ചട്ടമോ, ബൈലോയോ, റഗുലേഷനോ പ്രകാരം നഗരസഭയുടെയോ, സെക്രട്ടറിയുടെയോ ലൈസൻസോ അനുവാദമോ നഗരസഭയിലെ രജിസ്ട്രേഷനോ ഏതെങ്കിലും പ്രവർത്തി ചെയ്യുന്നതിന് ആവശ്യമായിരിക്കുകയും അങ്ങനെയുള്ള പ്രവർത്തി അനുവാദമോ രജിസ്ട്രേഷനോ കൂടാതെയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ലൈസൻസിലെയോ വ്യവസ്ഥകൾക്ക് യോജിക്കാത്ത വിധത്തിലോ ചെയ്യുന്നതാകയാൽ

(എ) സെക്രട്ടറിക്കോ അദ്ദേഹം യഥാവിധി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അങ്ങനെയുള്ള പ്രവർത്തി ചെയ്യപ്പെടുന്ന കെട്ടിടത്തിലോ, ഭൂമിയിലോ മുൻകൂട്ടി അറിയിച്ചശേഷം പ്രവേശിക്കുകയും ആ പ്രവർത്തി തടയുന്നതിനാവശ്യമുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതിന് അധികാരം ഉണ്ടായിരിക്കും.

(ബി) നോട്ടീസ് അനുസരിച്ച് പ്രവർത്തിക്കുന്നില്ലായെങ്കിൽ ലൈസൻസ് ഇല്ലാത്ത സാധനമോ, ലൈസൻസ് ഇല്ലാത്ത പരിസരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന സാധനങ്ങളോ, സെക്രട്ടറിക്ക് പിടിച്ചെടുക്കാവുന്നതും, പിടിച്ചെടുക്കപ്പെടുന്ന എല്ലാ സാധനങ്ങളും കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 474-ാം വകുപ്പ് പ്രകാരം പിടിച്ചെടുക്കപ്പെടുന്ന സാധനങ്ങൾ കൈയൊഴിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിൽ കൈയൊഴിക്കേണ്ടതുമാണ്.

സെക്രട്ടറി,
*തിരുവനന്തപുരം നഗരസഭ.*



അനുബന്ധം I

ഒരു രൂപ കോർട്ട് ഫീസ് സ്റ്റാമ്പ്

## തിരുവനന്തപുരം നഗരസഭ

## പരസ്യത്തിനുള്ള ബോർഡുകളും കമാനങ്ങളും സ്ഥാപിക്കുന്നതിനും പരസ്യ പ്രദർശനാനുമതിക്കുള്ള അപേക്ഷ

RENEWAL ☐ NEW ☐

1. അപേക്ഷകന്റെ/ഏജൻസിയുടെ പേര് മേൽവിലാസം (ഫോൺ നമ്പർ സഹിതം) :
2. രജിസ്ട്രേഷൻ നമ്പർ :
3. അനുവാദം ഏത് ആവശ്യത്തിന് :

| | വിസ്തീർണ്ണം | എണ്ണം | എത്ര കാലത്തേക്ക് |
|---|---|---|---|
| (എ) കമാനം | ............ | ............ | ............ |
| (ബി) പരസ്യത്തിനുള്ള ബോർഡ് | | | |
| (1) പ്രകാശിതമല്ലാത്ത ബോർഡ് | ............ | ............ | ............ |
| (2) പ്രകാശിതമാക്കിയ ബോർഡ് | ............ | ............ | ............ |
| (സി) ബാനർ | ............ | ............ | ............ |
| (ഡി) കൊണ്ടുനടക്കുന്ന പരസ്യം | ............ | ............ | ............ |
| (ഇ) വാഹന പരസ്യം | ............ | ............ | ............ |
| (എഫ്) സിനിമയുടേതല്ലാത്ത പോസ്റ്റർ | ............ | ............ | ............ |
| (ജി) സിനിമയുടെ പോസ്റ്റർ | ............ | ............ | ............ |
| (എച്ച്) സൈൻബോർഡുകൾ ഉപയോഗിച്ചുള്ള പരസ്യം | ............ | ............ | ............ |
| (ഐ) സ്ക്രീനിലുള്ള ഫിലിം പരസ്യം | ............ | ............ | ............ |
| (ജെ) എൽ. ഡി. സി. പ്രൊജക്ടർ ഉപയോഗിച്ചുള്ള പരസ്യം | ............ | ............ | ............ |
| (കെ) ഇലക്ട്രോണിക്സ് ഡിജിറ്റൽ സംവിധാനം കൊണ്ടുള്ള പരസ്യം | ............ | ............ | ............ |
| (എൽ) താൽക്കാലിക പരസ്യബോർഡുകൾ (സൺപാക്ക്, ഫ്ളെക്സ് മുതലായവ ഉപയോഗിച്ചുള്ള പരസ്യം) | ............ | ............ | ............ |

4. കമാനം സ്ഥാപിക്കുന്ന റോഡിന്റെ പേര്/വീതി :

5. പരസ്യത്തിനുള്ള ബോർഡ് സ്ഥാപിക്കുന്ന സ്ഥലം (ഉടമയുടെ പേര്, അഡ്രസ്സ്) പൊതുസ്ഥലം/സ്വകാര്യ സ്ഥലം :

6. പരസ്യം പ്രദർശിപ്പിക്കുന്ന പ്രദേശം-വാർഡ് റ്റി. സി. നമ്പർ/സർവ്വേ നമ്പർ മുതലായവ :

7. ബാനർ പ്രദർശിപ്പിക്കുന്ന റോഡിന്റെ വീതി :

8. വാഹന പരസ്യമെങ്കിൽ ഏതുതരം വാഹനം/ വാഹന രജിസ്റ്റർ നമ്പർ :

9. സ്ക്രീനിലെ റോൾഫിലിം ഉപയോഗിച്ചുള്ള പരസ്യത്തിന്റെ സമയ ദൈർഘ്യം :

10. പരസ്യം എന്താണെന്ന് (ചുരുക്കത്തിൽ) :

11. കമാനം, ബോർഡ് സ്ഥാപിക്കുന്നതും പരസ്യം പ്രദർശിപ്പിക്കുന്നതും : .................. മുതൽ ............ വരെ

12. കോർപ്പറേഷനിൽ ഒടുക്കേണ്ട തുക:— *രൂപ* *രസീത്* *തീയതി*

| | | | | |
|---|---|---|---|---|
| (എ) | ഹോർഡിംഗ് | ലൈസൻസ് ഫീസ് | | |
| | ഹോർഡിംഗ് | ഡെപ്പോസിറ്റ് | | |
| | ഹോർഡിംഗ് | പരിശോധന ഫീസ് | | |
| (ബി) | കമാനം | ലൈസൻസ് ഫീസ് | | |
| | കമാനം | ഡെപ്പോസിറ്റ് | | |
| (സി) | പരസ്യ നികുതി | | | |

13. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട മറ്റ് രേഖകൾ:—

(എ) ലൊക്കേഷൻ പ്ലാൻ

(ബി) എഗ്രിമെന്റ്

(സി) സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്

(ഡി) സ്വകാര്യ സ്ഥലം/പൊതു സ്ഥലം ഉടമയുടെ (ഡിപ്പാർട്ട്മെന്റ്) സമ്മതപത്രം

(ഇ) ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്

(എഫ്) കഴിഞ്ഞ വർഷത്തെ രസീത്



14. സത്യപ്രസ്താവന

1999-ലെ കേരളാ മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളും 1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമത്തിലെ 271, 272, 273, 274, 275, 276 എന്നീ വകുപ്പുകളും തിരുവനന്തപുരം കോർപ്പറേഷൻ അംഗീകരിച്ച ബൈലോകളിലെ വ്യവസ്ഥകളും, കോർപ്പറേഷൻ സെക്രട്ടറിയുടെ നിർദ്ദേശങ്ങളും അനുസരിച്ചു കൊള്ളാമെന്ന് ഇതിനാൽ സമ്മതിക്കുന്നു.

സ്ഥലം: ഒപ്പ്:

തീയതി: അപേക്ഷകന്റെ പേര്:

നോട്ട്.—1. (എ) മുതൽ (എൽ) വരെയുള്ള ഇനങ്ങളിൽ ഓരോ എണ്ണത്തിനും പ്രത്യേകം അപേക്ഷ തരേണ്ടതാണ്.

2. നിരോധിത മേഖലയായ കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള മെയിൻ റോഡിന് അഭിമുഖമായി യാതൊരുവിധ പരസ്യവും അനുവദിക്കുന്നതല്ല.

---

## ആഫീസ് ആവശ്യത്തിന്

1. പരിശോധന ഉദ്യോഗസ്ഥന്റെ ശുപാർശ
2. ധനകാര്യ കമ്മിറ്റി തീരുമാനം
3. അനുവാദം കൊടുത്തതിന്റെ വിവരം-തീയതി

എത്ര കാലത്തേക്ക്-നിബന്ധനകൾ

*അധികാരിയുടെ ഒപ്പും തീയതിയും.*

## അനുബന്ധം II

### സമ്മതപത്രം

........................വർഷം.............................മാസം....................തീയതി

ഒന്നാം കക്ഷിയായ.................................................................ഉം രണ്ടാം കക്ഷിയായ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയും തമ്മിലേർപ്പെടുന്ന സമ്മതപത്രം.

നഗരസഭാ പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും/നാട്ടുന്നതിനുമുള്ള അനുമതിക്കായി താഴെപ്പറയുന്ന രേഖകൾ സഹിതം ഒന്നാം കക്ഷി സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ രണ്ടാം കക്ഷി ഒന്നാം കക്ഷിയുമായി പരസ്പരം ഏർപ്പെടുന്ന സമ്മതപത്രിക എന്തെന്നാൽ:

1. ലൊക്കേഷൻ പ്ലാൻ
2. സ്ഥലം ഉടമയിൽനിന്നുമുള്ള എഗ്രിമെന്റ്
3. സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്
4. വസ്തു ഉടമ (ബന്ധപ്പെട്ട സ്വകാര്യ വ്യക്തിയുടെയോ/വകുപ്പിന്റെയോ)-യുടെ സമ്മതപത്രം
5. ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്
6. പരസ്യത്തിന്റെ സ്വഭാവം

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്റ്റിലെ 271, 272, 273, 274, 275, 276 വകുപ്പുകളും 1999-ലെ കേരളാ മുനിസിപ്പാലിറ്റി (പൊതു സ്ഥലങ്ങളിലും പൊതു തെരുവുകളിലും പരസ്യ ബോർഡുകളും കമാനങ്ങളും സ്ഥാപിക്കുന്നതിനുള്ള) ചട്ടങ്ങളും ഈ സമ്മതപത്രത്തിന്റെ ഭാഗമായുള്ള നഗരസഭയുടെ അംഗീകൃത നിയമാവലിയും ഞാൻ അനുസരിച്ച് കൊള്ളാമെന്ന് ഇതിനാൽ സമ്മതിക്കുകയും, അനുമതി നിഷേധിക്കുന്ന പക്ഷം പരസ്യ ബോർഡുകൾ സ്വന്തം ചെലവിലും, ബാദ്ധ്യതയിലും നീക്കം ചെയ്തുകൊള്ളാമെന്നും ഞാൻ സമ്മതിക്കുകയും ചെയ്യുന്നു.

ഒന്നാം കക്ഷിയുടെ പേരും ഒപ്പും:
മേൽവിലാസവും:

രണ്ടാം കക്ഷി : *സെക്രട്ടറി,*
*തിരുവനന്തപുരം നഗരസഭ.*

സാക്ഷികൾ (1)

(2)